# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2388 07.02.2019 -ൽ മറുപടിക്ക്

## മാർജിൻ മണി ലോൺ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം.ഉമ്മർ** | **ശ്രീ. ഇ.പി. ജയരാജൻ**<br>**( വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി )** |

| | | | |
|---|---|---|---|
| എ) | ചെറുകിട സംരംഭകർക്ക് നൽകിവന്നിരുന്ന മാർജിൻ മണി ലോൺ സമ്പ്രദായം നിർത്തലാക്കാൻ ഇടയായ സാഹചര്യം വിശദമാക്കാമോ; | എ) | 28.12.2012-ലെ ജി.ഒ.(എം.എസ്) നം.156/12/ഐഡി ഉത്തരവ് പ്രകാരം അന്ന് നിലവിലുണ്ടായിരുന്ന മൂലധന നിക്ഷേപ സബ്സിഡി തുടങ്ങിയ ഏതാനും പദ്ധതികളെ ഏകോപിപ്പിച്ചുകൊണ്ട് സംരംഭ സഹായ പദ്ധതി 1.04.2012 മുതൽ നിലവിൽ വന്നതോടുകൂടി, മാർജിൻ മണി വായ്പ പദ്ധതി നിർത്തലാക്കി. |
| ബി) | പ്രസ്തുത വായ്പയുമായി ബന്ധപ്പെട്ട് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) | ഉണ്ട്. നിലവിൽ ജി.ഒ (ആർ.റ്റി) നം. 459/2017/ ഐഡി. തീയതി 24.03.2017 പ്രകാരം 2 കാറ്റഗറികളിലായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത ഉത്തരവിലെ കാറ്റഗറി 1 പ്രകാരം വായ്പാക്കാരൻ /വായ്പ്പക്കാരി മരിച്ചുപോവുകയും യൂണിറ്റ് പ്രവർത്തന രഹിതമാകുകയും വ്യവസായ ആസ്തികൾ നിലവിൽ ഇല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കുടിശ്ശിക തുക പൂർണ്ണമായും എഴുതിത്തള്ളുന്നു. കാറ്റഗറി 2 പ്രകാരം റവന്യൂ റിക്കവറി നടപടികൾക്ക് വിട്ട കേസുകൾ യൂണിറ്റ് നിലവില്ലാത്തവ, മാർജിൻ മണി വായ്പ ഉപയോഗിച്ച് വാങ്ങിയ ആസ്തികൾ കൈമാറിയിട്ടുള്ളവ /നിലവില്ലാത്തവ, ഉൾപ്പെടെയുള്ളവയിൽ മുതൽ തുകയും വായ്പ അനുവദിച്ച തീയതി മുതൽ ഒറ്റത്തവണ തീർപ്പാക്കൽ തീയതി വരെയുള്ള കാലയളവിലേക്ക് 6 ശതമാനം നിരക്കിൽ കണക്കാക്കുന്ന പലിശയും ഉൾപ്പെടെയുള്ള തുക 3 ഗഡുക്കളായി 1 വർഷത്തിനകം ( ഒ.റ്റി.എസ്. അപേക്ഷ തീയതി മുതൽ) അടച്ച് തീർക്കാൻ വായ്പ കുടിശ്ശികകാർക്കു അവസരം നൽകിയിട്ടുണ്ട്. |
| സി) | ചെറുകിട സംരംഭകരെ സാമ്പത്തികമായി സഹായിക്കാൻ എന്തെല്ലാം പുതിയ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | സി | 2012 മുതൽ നടപ്പിലാക്കിവരുന്ന സംരംഭകസഹായ പദ്ധതി, 2017-18 മുതൽ നടപ്പിലാക്കിവരുന്ന നാനോ ഗാർഹിക പലിശ സബ്സിഡി പദ്ധതി എന്നിവ കൂടാതെ കേരള സ്ട്രെസ്ഡ് എം.എസ്.എം.ഇ റിവൈവൽ & റീഹാബിലിറ്റേഷൻ പദ്ധതി, സ്കീം ഫോർ |

| | | | |
|---|---|---|---|
| | | | പ്രൊവൈഡിംഗ് സ്റ്റാർട്ട് അപ്പ് സബ്സിഡി ഫോർ ക്രിയേറ്റിംഗ് എംപ്ലോയ്മെന്റ് ഓപ്പർച്ച്യൂണിറ്റീസ് ഇൻഷ്വറൻസ് പദ്ധതി എന്നീ പദ്ധതികൾ മുഖേന ചെറുകിട സംരംഭകർക്ക് സാമ്പത്തിക സഹായം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ